# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksaidk10-572/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/06/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1,3-2 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksaidk10-572/2021 തീയ്യതി: 30/06/2021

## ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2019 മുതൽ 20-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. എം.യു. സണ്ണി, ഓഡിറ്റ് ഓഫീസർ
ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. എം.കെ. അഭിലാഷ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. എബി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു സജീവ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ജോർജ്ജ് ജോസഫ് | സെക്രട്ടറി | 01-04-2019 | 31-05-2020 |
| | | 01-04-2019 | 31-05-2019 |
| ശ്രീ എം. എ സുബൈർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 11-07-2019 |
| ശ്രീ കെ സിബി ജോസ് | സെക്രട്ടറി | 12-07-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം. എ സുബൈർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ കെ ബുഷ്റ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീ വി.കെ ബിജു | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ശ്രീമതി കെ.ജെ ജെയ്സിമോൾ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ ലെനിൻ പീറ്റർ | വില്ലേജ് എക്സറ്റൻഷൻ ഓപീസർ | 01-04-2019 | 30-11-2019 |
| ശ്രീ റിൻസ് ജോസഫ് | വില്ലേജ് എക്സറ്റൻഷൻ ഓപീസർ | 01-12-2019 | 31-03-2020 |
| ശ്രീമതി ജാനറ്റ് എം സേവ്യർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. ജോസഫ് പി മോസസ്സ് | മെഡിക്കൽ ഓഫീസർ , ആയുർവോദം | 01-04-2019 | 31-03-2020 |
| ഡോ. പി. റഹീല | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. റേച്ചൽ പി. ജോസഫ് | മെഡിക്കൽ ഓഫീസർ , ആരോഗ്യം | 01-04-2019 | 31-03-2020 |
| ഡോ. പി.എം ബിജുരാജ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ എ. എം നസീർ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ എം.പി സുധീഷ് | ഡയറി എക്സറ്റൻഷൻ ഓപീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.K.Abhilash (Asst. Audit Officer, On 21-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: M.K.Abhilash (Asst. Audit Officer, On 22-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: M.K.Abhilash (Asst. Audit Officer, On 21-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം- ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ACR പ്രകാരം<br>Written By: M.K.Abhilash (Asst. Audit Officer, On 22-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-4 |
| 5 | വാർഷിക പദ്ധതി അവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 21-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.U.Sunny (Audit Officer, On 21-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: V G Sajimon (Audit Officer, On 21-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: M.K.Abhilash (Asst. Audit Officer, On 23-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: M.K.Abhilash (Asst. Audit Officer, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം<br>Written By: M.K.Abhilash (Asst. Audit Officer, On 23-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Eby Abraham (Senior Grade Auditor, On 23-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-11 |
| 12 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്<br>Written By: Eby Abraham (Senior Grade Auditor, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-12 |
| 13 | പഞ്ചായത്ത് വക പ്രസ്സ്- കാലഹരണപ്പെട്ട യന്ത്രസാമഗ്രികളുടെ ലേലനടപടികൾ വൈകുന്നു.<br>Written By: M.S.Rajeev (Audit Officer, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-13 |
| 14 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് അടച്ച തുകയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.ചെലവ് തടസ്സം.<br>Written By: M.S.Rajeev (Audit Officer, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-14 |
| 15 | മരങ്ങൾ മുറിച്ച് മാറ്റിയത് -വിശദാംശങ്ങൾ ലഭ്യമല്ല.<br>Written By: M.S.Rajeev (Audit Officer, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-15 |
| 16 | വെണ്ണിയാനി ST കമ്മ്യൂണിറ്റി ഹാൾ നിർമാണം അനന്തമായി നീളുന്നു<br>Written By: V G Sajimon (Audit Officer, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-16 |
| 17 | വിട്ടുകിട്ടിയ ആസ്തികൾ കാലികമായി ക്രോഡീകരിക്കാത്ത സാഹചര്യം തൻവർഷവും തുടരുന്നു<br>Written By: V G Sajimon (Audit Officer, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 29-06-2021) | 1-17 |
| 18 | ശേഖരത്തുപാറ ഉടുമ്പന്നൂർ റോഡ് പുനരുദ്ധാരണം-കരാറുകാരന് അധികം തുക നൽകി<br>Written By: M.U.Sunny (Audit Officer, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-18 |
| 19 | കമ്പനി കപ്പിലാംകാട് കൊക്കരണി റോഡ് റീടാറിംഗും ഐറീഷ് ഓട നിർമ്മാണവും-അധികം തുക പിൻവലിച്ചു<br>Written By: M.U.Sunny (Audit Officer, On 24-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ശേഖരത്തുപാറ ഉടുമ്പന്നൂർ റോഡ് പുനരുദ്ധാരണം-കരാറുകാരന് അധികം തുക നൽകി<br>Written By: M.U.Sunny (Audit Officer, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 3-1 |
| 2 | കമ്പനി കപ്പിലാംകാട് കൊക്കരണി റോഡ് റീടാറിംഗും ഐറീഷ് ഓട നിർമ്മാണവും-അധികം തുക പിൻവലിച്ചു<br>Written By: M.K.Abhilash (Asst. Audit Officer, On 25-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.U.Sunny (Audit Officer, On 22-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.K.Abhilash (Asst. Audit Officer, On 23-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.K.Abhilash (Asst. Audit Officer, On 23-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.K.Abhilash (Asst. Audit Officer, On 23-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: M.K.Abhilash (Asst. Audit Officer, On 22-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: M.U.Sunny (Audit Officer, On 22-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-6 |
| 7 | | 4-7 |

| | | |
|---|---|---|
| | ഓഡിറ്റ് റിക്കവറി<br>Written By: M.K.Abhilash (Asst. Audit Officer, On 23-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.U.Sunny (Audit Officer, On 22-06-2021)<br>Last Updated By: M.U.Sunny (Audit Officer, On 22-06-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: M.K.Abhilash (Asst. Audit Officer, On 23-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.U.Sunny (Audit Officer, On 22-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 22-06-2021)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 30-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 06.02.2019 ൽപാസാക്കിയ ബജറ്റ്, പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 12.02.2019-ലെ പ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ₹175027000/- വരവും ₹169727000/- ചെലവും ₹15300000/- നീക്കിയിരിപ്പും ഉണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ തുകകളുമായി വലിയ അന്തരം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം (₹) | വാർഷിക കണക്കുകൾ പ്രകാരം (₹) | വ്യത്യാസം (₹) | വ്യത്യാസം (%) |
|---|---|---|---|---|
| മുന്നിരിപ്പ് | 10000000 | 22375126 | 12375126 | 123 |
| വരവ് | 175027000 | 77124935 | 97902065 | (-)56 |
| ചെലവ് | 169727000 | 63370812 | 106356188 | (-)62 |
| നീക്കിയിരിപ്പ് | 15300000 | 23754123 | 2571745 | (-)55 |

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് അനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15നു മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.[സെക്ഷൻ 214 (1)]. എന്നാൽ ഇപ്രകാരമുള്ള ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല എന്നു കാണുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 25.06.2020 | - | - |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 22375126 |
| വരവ് | 64749809 |
| ആകെ | 87124935 |
| ചെലവ് | 63370812 |
| നീക്കിയിരിപ്പ് | 23754123 |

### 1-4 ഫണ്ട് വിനിയോഗം- ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ACR പ്രകാരം

| ഫണ്ടിനം | | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് / ലാപ്സായ തുക ₹ |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് | | പൊതു വിഭാഗം | 0 | 22159000 | 22159000 | 11632397 | 10526603 |
| | | എസ്.സി.പി | 0 | 2540000 | 2540000 | 1486452 | 1053548 |
| | | റ്റി.എസ്.പി | 0 | 6106000 | 6106000 | 3428737 | 2677263 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | | | 0 | 11205762 | 11205762 | 2865782 | 8339980 |
| സംരക്ഷണ ഗ്രാന്റ് | | റോഡിതരം | 0 | 4240000 | 4240000 | 2933916 | 1306084 |
| | | റോഡ് | 0 | 18759000 | 18759000 | 7599589 | 11159411 |
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി | എസ്റ്റാബ്ലിഷ്മെന്റ് | 5986 | 1291855 | 1297841 | 1296232 | 1609 |
| | | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 23496017 | 23496017 | 23496017 | 0 |
| | | 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 273000 | 273000 | 273000 | 0 |
| | ഐ.സി.ഡി.എസ് | | 549288 | 575902 | 1125190 | 244926 | 880264 |
| | പൈക | | 8638 | 260 | 8898 | 10 | 8888 |
| | ടോട്ടൽ സാനിറ്റേഷൻ | | 1200000 | 0 | 1200000 | 0 | 1200000 |
| | നീർത്തട പരിപാലനം | | 1385 | 42 | 1427 | 10 | 1417 |
| സംസ്ഥാനാവിഷ്കൃ പദ്ധതി | | എസ്.റ്റി കോർപസ് ഫണ്ട് | 1813276 | 0 | 1813276 | 0 | 1813276 |

| | | | | | | |
|---|---|---|---|---|---|---|
| | ശുചിത്വമിഷൻ | 801856 | 67000 | 868856 | 93600 | 775256 |
| | ജലനിധി | 950807 | 804033 | 1754840 | 320833 | 1434007 |
| | കുടിവെള്ളം | 800000 | 0 | 800000 | 800000 | 0 |
| | സ്പെസിഫിക് പർപസ്സ് | 158688 | 7088086 | 7246774 | 6971056 | 275718 |
| | കേരളോത്സവം | 20000 | 20000 | 40000 | 40000 | 0 |
| | സാക്ഷരത | 9331 | 281 | 9612 | 10 | 9602 |
| വകുപ്പ് ഫണ്ട് | എസ്.റ്റി വകുപ്പ് ഫണ്ട് | 2100000 | 0 | 2100000 | 1167935 | 932065 |
| മറ്റ് ഫണ്ടുകൾ | പ്രളയം സംഭാവന | 19046 | 32473 | 51519 | 51519 | 0 |
| | പ്ലാൻ | 482066 | 37787 | 519853 | 22376 | 497477 |
| | ലൈഫ് | 17036 | 4200000 | 4217036 | 4038908 | 178128 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക് പഞ്ചായത്ത് | 1945139 | 1973074 | 3918213 | 1280000 | 2638213 |
| | ജില്ലാ പഞ്ചായത്ത് | 1312 | 0 | 1312 | 0 | 1312 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1. ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയ പ്ലാൻ ചെലവ് പത്രിക, അപ്രാപ്രിയേഷൻ കൺട്രാൾ രജിസ്റ്റർ പ്രകാരമുള്ള പത്രിക എന്നിവയുടെ തുകകളും ഗ്രാന്റ് പത്രികയിലെ അലോക്കേഷനും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.
2. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതി വിവരങ്ങൾ ഓരോ ഫണ്ട് തിരിച്ച് പ്രത്യേകമായിട്ട് നൽകിയിട്ടില്ല.

## 1-5 വാർഷിക പദ്ധതി അവലോകനം

വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 1252540 | 3 | 171930 | 13.72 |
| വെറ്ററിനറി സർജൻ | 7 | 6750000 | 1 | 320000 | 4.74 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 8 | 2568183 | 7 | 2268183 | 88.31 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 3 | 304500 | 3 | 304500 | 100 |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | 2 | 615000 | 2 | 614875 | 99.97 |
| വി.ഇ.ഒ. | 11 | 40599456 | 5 | 10527950 | 25.93 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 5138622 | 7 | 3743511 | 72.85 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1400000 | 1 | 600000 | 42.85 |
| സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 30 | 9386366 | 26 | 7299722 | 77.76 |
| അസി.സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 7 | 1741519 | 5 | 1051139 | 60.35 |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. | 2 | 105000 | 0 | 0 | 0 |
| അസിസ്റ്റന്റ് എൻജിനീയർ | 146 | 49072407 | 38 | 11173400 | 22.76 |
| ആകെ | 228 | 118933593 | 98 | 38075260 | 32.01 |

228 പദ്ധതികൾക്കായി ₹118933593/- വകയിരുത്തിയിരുന്നു എങ്കിലും 98 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. ( ₹ 38075260/- മാത്രമാണ് ചെലവ്) ട്രഷറി നിയന്ത്രണം മൂലം ട്രഷറിയിൽ സമർപ്പിച്ച നിരവധി ബില്ലുകളിൽ തുക അനുവദിക്കാത്തത് പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവ് കുറയുന്നതിന് കാരണമായിട്ടുണ്ട്. എന്നാൽ രണ്ട് പ്രോജക്ട് മാത്രം നടപ്പാക്കേണ്ടിയിരുന്ന ഹെഡ്മാസ്റ്റർ, പദ്ധതി നടപ്പിലാക്കാത്തത് ഭരണസമിതി വിലയിരുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5986 | 1291855 | 1297841 | 1296232 | 1609 |
| വിദഗ്ദ തൊഴിലാളികളുടെ കൂലി | | 1517190 | 1517190 | 1517190 | |
| അവിദഗ്ദ തൊഴിലാളികളുടെ കൂലി | | 21688749 | 21688749 | 21688749 | 0 |
| മെറ്റീരിയൽ വർക്ക് | | 563078 | 563078 | 563078 | |
| 100 ദിന തൊഴിൽ പ്രോത്സാഹനം | | 273000 | 273000 | 273000 | |

## 1-7 ക്ഷേമ പെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1607400 | 6 |
| വിധവാ പെൻഷൻ | 3979200 | 32 |
| വാർദ്ധക്യകാലപെൻഷൻ | 13773900 | 172 |
| വികലാംഗ പെൻഷൻ | 1777100 | 14 |
| 50 വയസിന് മുകളിലുള്ള അവിവാഹിതർക്കുള്ള | 2772000 | 1 |

| | | |
|---|---|---|
| പെൻഷൻ | | |
| വിവാഹ ധനസഹായം | 30000 | 6 |
| തൊഴിലില്ലായ്മ വേതനം | 31440 | 27 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.2021 പകൽ 10.30 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4,159/-യുടെ ബാലൻസ് ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

. ജീവനക്കാരുടെ ചുമതലകൾ യഥാസമയം ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ചു നൽകിയിട്ടുണ്ട്.

. കണക്കുകളും രേഖകളും കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ പ്രത്യേക നിഷ്കർഷ പുലർത്തിയിട്ടുണ്ട്.

. സാമ്പത്തിക അച്ചടക്കം പാലിച്ച് ചെലവുകൾ നടത്താൻ ശ്രദ്ധിച്ചിട്ടുണ്ട്.

. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ വാർഷിക പദ്ധതി നടത്തിപ്പിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല.

. സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം ഓരോ വർഷവും വർദ്ധിക്കുന്നത് നൂതന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകളെ ദോഷകരമായി ബാധിക്കുന്നുണ്ട്.

. വരവിനങ്ങളുടെ പിരിവിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും വസ്തു നികുതി ഡിമാന്റിന്റെ സമഗ്രതയ്ക്ക് ഭംഗം വന്നിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | 11/2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.5.2019 | 2005-06 മുതൽ 2009-10 വരെ | 21.06.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. താഴെ പരാമർശിക്കുന്ന ഇനങ്ങളിൽ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും RP 40(B) പ്രകാരം നീക്കിയിരിപ്പും വ്യത്യാസമുണ്ട്.

| ഇനം | നീക്കിയിരിപ്പ് ₹ | |
|---|---|---|
| | ബി-4 ഷെഡ്യൂൾ പ്രകാരം | RP 40(B) പ്രകാരം |
| പൈക | 8663 | 8888 |
| ജലനിധി | 1434007 | 1442593 |
| സംയുക്ത പദ്ധതി | 2639525 | 1110858 |

3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ആസ്തികൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4. വസ്തുതകൾ വ്യക്തമാക്കാതെ Prior Period Items എന്ന ഷെഡ്യൂളിൽ 280800501 എന്ന ഹെഡിൽ ₹1918750/- ഡിമാന്റിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

5.വസ്തുനികുതിയിനത്തിൽ വാർഷിക കണക്കിലെ തുകകളും സഞ്ചയ പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | | വാർഷിക കണക്കുകൾ പ്രകാരം | | | സഞ്ചയ പ്രകാരം | | |
|---|---|---|---|---|---|---|---|
| | | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
| പാർപ്പിടം | കുടിശിക | 29588 (2018-19 AFS) | 70915 | 151814 | 125057 | 77232 | 48226 |
| | തൻ വർഷം | 200410 | 1419263 | 44325 | 1918067 | 1562847 | 337729 |
| പാർപ്പിടേതിരം | കുടിശിക | 3232 (2018-19 AFS) | 11942 | 41481 | 36403 | 11502 | 25084 |
| | തൻ വർഷം | 51415 | 788904 | 348109 | 1160736 | 839393 | 306642 |

6. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുക ₹255216/- തൻവർഷം ചെലവായെങ്കിലും ആയത് ചെലവിൽ ഉൾപ്പെടുത്താതെയാണ് ഷെഡ്യൂൾ ബി-4 തയ്യാറാക്കിയിരിക്കുന്നത്.

## 1-12 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകർ തങ്ങളുടെ അപേക്ഷകളിൽ സമർപ്പിച്ചിരിക്കുന്ന വസ്തുതകൾ , സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ രേഖകൾ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ, ഉപയോഗക്രമത്തിന് അനുസരിച്ച് യഥാർത്ഥത്തിൽ ഡിമാന്റ് ചെയ്യേണ്ട നികുതി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലാണ് വസ്തു നികുതി ഡിമാന്റ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ നം | അപേക്ഷകന്റെ പേര് | വാർഡ്/ നം | ലൈസൻസ് ആവശ്യം | കെട്ടിടത്തിന്റെ വിസ്തീർണ്ണം, ച.മീ | നിർണ്ണയിച്ച നികുതി നിരക്ക് & നികുതി, ₹ | ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്തത് പ്രകാരം ബാധകമായ നിരക്ക്,₹ | കുറവ് | നികുതി നിർണ്ണയിച്ച അർദ്ധ വർഷം |
|---|---|---|---|---|---|---|---|---|---|
| 1 | 115 | സെക്രട്ടറി, ഉടുമ്പന്നൂർ സർവ്വീസ് സഹകരണ ബാങ്ക് | X/114 | നീതി സ്റ്റോർ (പലചരക്ക്) വളം | 304 | 50/ 15200 | 70 | 6080/- (70x304 = 21280/-)_ | 2013-14, I |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | 70 | സജില സലീം | II / 3 | സ്റ്റേഷനറി, മൊബൈൽ ഫോൺ വിൽപ്പന | 90 | 7/630/- | 50 | 3870/- (90x50 = 4500 /- ) | 2013-14, I |
| 3 | 46 | ജോമോൻ കെ ദിവാകരൻ | IX / 336 | ഹോട്ടൽ & ടീ ഷോപ്പ് | 48 | 7/336 | 50 | 2064 /- (50x48 = 2400/-) | 2013-14,I |

നികതി നിരക്കിലെ വ്യത്യാസം സഞ്ചയയിൽ ഉൾപ്പെടുത്തി ഡിമാന്റ് കൃത്യമാക്കേണ്ടതും അധിക ഡിമാന്റിന് സപ്ലിമെന്ററി ഡിമാന്റ് നോട്ടീസ് നല്കി നികതി നഷ്ടമാകാതെ ഈടാക്കുകയും ചെയ്യേണ്ടതാണ്. സഞ്ചയയിൽ ഉൾപ്പെടുത്തിയ എല്ലാ കെട്ടിടങ്ങളുടെയും നികതി നിരക്കുകൾ ഉപയോഗക്രമത്തിനാനുപാതികമായാണോ നിർണ്ണയിച്ചിരിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. ലൈസൻസ് അപേക്ഷകളിൽ അപേക്ഷകൻ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടനമ്പർ കൃത്യമാണോ എന്നത് അന്വേഷണ റിപ്പോർട്ട് നല്കുന്ന ഉദ്യോഗസ്ഥനും സെക്ഷനും പരിശോധിക്കേണ്ടതാണ്.

1-13 പഞ്ചായത്ത് വക പ്രസ്സ്- കാലഹരണപ്പെട്ട യന്ത്രസാമഗ്രികളുടെ ലേലനടപടികൾ വൈകുന്നു.

26.12.2018 ലെ 15(2) തീരുമാനപ്രകാരം പഞ്ചായത്ത് വക പ്രസ്സിലെ യന്ത്രസാമഗ്രികൾ ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിന് തീരുമാനിച്ചിട്ടുള്ളതും അതിനായി ടി യന്ത്രസാമഗ്രികൾ മൂല്യനിർണ്ണയം നടത്തുന്നതിനായി 12.3.2020 ലെ വൗച്ചർ നം. 21900993 പ്രകാരം ₹1105/- ചലാൻ അടച്ച് പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ എഞ്ചിനീയർക്ക് അപേക്ഷ നല്കിയിട്ടുള്ളതല്ലാതെ തുടർനടപടികൾ ഒന്നുംതന്നെ കൈക്കൊണ്ടിട്ടില്ല. മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കി ലേലനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-14 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് അടച്ച തുകയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.ചെലവ് തടസ്സം.

| | |
|---|---|
| പദ്ധതി നം. | : എസ് 206/20 |
| ബിൽ നം. | : 19100952003900858314/ 19.12.2019 ₹69984/- |
| നിർവഹണ ഉദ്യോഗസ്ഥൻ | : സെക്രട്ടറി |

പെരിങ്ങാശ്ശേരി ടൗണിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി മേൽ ബിൽപ്രകാരം ₹69984/- വൈദ്യുതി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. ലൈൻ സ്ഥാപിച്ച് വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 മരങ്ങൾ മുറിച്ച് മാറ്റിയത് -വിശദാംശങ്ങൾ ലഭ്യമല്ല.

വെണ്ണിയാനി, ഉപ്പുകുന്ന് അംഗൻവാടികൾക്ക് ഭീഷണിയായിരുന്ന അഞ്ച് മരങ്ങളും, പഞ്ചായത്ത് റോഡിനും യാത്രക്കാർക്കും ഭീഷണിയായിരുന്ന രണ്ട് മരങ്ങളും (ആകെ ഏഴ് മരങ്ങൾ) വെട്ടി മാറ്റിയതിന് കൂലിയായി 23.9.19 ലെ 21900428 നമ്പർ വൗച്ചർ പ്രകാരം ശ്രീ.ബെന്നി ജോസഫ് എന്നയാൾക്ക് ₹6150/- നല്കിയിട്ടുള്ളതായി കാണുന്നു. ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പഞ്ചായത്ത് കമ്മിറ്റി, ടീ കമ്മറ്റി മിനിട്സുകളിൽ ഇത് സംബന്ധിച്ച് തീരുമാനമൊന്നും രേഖപ്പെടുത്തിയിട്ടില്ല.

2) വൃക്ഷങ്ങൾ പഞ്ചായത്ത് ഉടമസ്ഥതയിലുള്ളവയാണോ സ്വകാര്യവ്യക്തികളുടെയാണോ തുടങ്ങിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3) പഞ്ചായത്തിന്റെ അധീനതയിലുള്ളതെങ്കിൽ അതിന്റെ മൂല്യനിർണയം നടത്തിയതിന്റെയും ലേലം ചെയ്തതിന്റെയും വിവരങ്ങളില്ല.
അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-16 വെണ്ണിയാനി ST കമ്മ്യൂണിറ്റി ഹാൾ നിർമാണം അനന്തമായി നീളുന്നു

ഗ്രാമപഞ്ചായത്തിലെ വെണ്ണിയാനിയിൽ ഒരു സാംസ്കാരികനിലയം നിർമിക്കുന്നതിന് പട്ടിക വർഗവികസന വകുപ്പിൽനിന്ന് കോർപ്പസ് ഫണ്ടായി 2017-18-ൽ 10,00,000/- രൂപ ലഭിച്ചിരുന്നു. ടി തുക യഥാകാലം വിനിയോഗിക്കാതെ അക്കൗണ്ടിൽ ശേഷിക്കുകയാണുണ്ടായത്. തുടർന്ന് 2019-20 വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് ആവിഷ്കരിച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കി ശ്രീ. അബ്ദുൾകരീം എന്ന കരാറുകാരന് നിർമാണച്ചുമതല നൽകിയെങ്കിലും പ്രവൃത്തി നാളിതുവരെ പൂർത്തിയായില്ല. 13.02.02020-ൽ ഭരണസമിതി നിർമാണ പുരോഗതി വിലയിരുത്തിയതായി കാണുന്നവെങ്കിലും ( അജണ്ട നം. 1, തീരുമാന നം 09/തീ.13.02.2020 ) തുടർന്ന് ഇടപെടലുകൾ ഉണ്ടായതായി രേഖയില്ല. നിർമാണ സാമഗ്രികളുടെ വില കമ്പോളത്തിൽ അനുദിനം വർദ്ധിക്കുന്നതിനാൽ സമയബന്ധിതമായ പൂർത്തീകരണം സാധ്യമാകാത്തത് നിർമിതിയുടെ ഗുണനിലവാരത്തെ ഗുരുതരമായി ബാധിക്കുമെന്നത് തർക്കത്തിനിട നല്കാത്ത വസ്തുതയാണ്. സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗത്തിന്റെ വികസനത്തിനും അവരുടെ കൂടിച്ചേരലുകൾ സാധ്യമാക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ മൃത നിക്ഷേപമായി അക്കൗണ്ടുകളിൽ ശേഷിക്കുന്ന അവസ്ഥ അംഗീകരിക്കാവുന്നതല്ല. പ്രസ്തുത പ്രോജക്ട് അടിയന്തിരമായി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-17 വിട്ടുകിട്ടിയ ആസ്തികൾ കാലികമായി ക്രോഡീകരിക്കാത്ത സാഹചര്യം തൻവർഷവും തുടരുന്നു

വിവിധ റോഡു നിർമാണ പ്രവൃത്തികൾക്കുവേണ്ടി വ്യക്തികൾ സ്വമേധയാ വിട്ടുനൽകിയ സ്ഥലങ്ങൾ നിയമപ്രകാരം കൈവശപ്പെടുത്തി സ്ഥാവര ആസ്തികളുടെ ഭാഗമാക്കാത്തതു സംബന്ധിച്ച പരാമർശം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും അത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഇപ്പോഴും പ്രാവർത്തികമായിട്ടില്ല. തൻവർഷവും സമാന രീതിയിൽ സ്ഥലങ്ങൾ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ നിയമാനുസൃതമുള്ള കൈവശപ്പെടുത്തലും നടപ്പായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം, റോഡിന്റെ പേര് | സ്ഥലം വിട്ടു നൽകിയ വ്യക്തികളുടെ വിവരം | ആസ്തിയിലുൾപ്പെടുത്താനുള്ള ഭര ണസമിതി തീരുമാനത്തിന്റെ നമ്പർ /തീയതി |
|---|---|---|---|
| 1 | വാർഡ് -5, കൈപ്ലാവ് റോഡ് | ശ്രീ.ഉലഹന്നാൻ കന്നംകളത്തിൽ മുതൽപേർ | അജണ്ട നം.1 തീരുമാന നം. 1തീ./ 12.04.2019 |
| 2. | വാർഡ് 10, കമ്പനിപ്പടി-മണ്ടയ്ക്കൂ നടപ്പാത | ശ്രീ.അഗസ്റ്റി മുണ്ടയ്ക്കൽ മുതൽപേർ | അജണ്ട നം.19 തീരുമാന നം. 1തീ./12.04.2019 |
| 3 | വാർഡ് -14, കൊക്കരണി -കട്ടവാപ്പാറയ്ക്കൽ റോഡ് | ശ്രീ.ബിജു.ടി.ജി തോയാലിൽമുതൽപേർ | അജണ്ട നം.7 തീരുമാന നം.1 തീ./09.07.2019 |
| 4 | വാർഡ് -4, കന്നംപറമ്പ് -കല്ലൂപ്പുര റോഡ് | ശ്രീ.ഷംസുദ്ദീൻ കല്ലൂപ്പുര പുത്തൻപുരയിൽ മുതൽപേർ | അജണ്ട നം.7 തീരുമാന നം.1 തീ./04.10.2019 |
| 5 | വാർഡ് -11, വെണ്ണിയാനി -ഹിൽടോപ്പ് റോഡ് | ശ്രീ.സിജുമോൻ ചിറയ്ക്കൽ മുതൽപേർ | അജണ്ട നം.7 തീരുമാന നം.02 തീ./04.10.2019 |
| 6 | വാർഡ് 4, മഞ്ചിക്കല്ല്- മാരിയിൽ റോഡ് | ശ്രീമതി.സബിതാ ബഷീർ അമ്പാട്ടുകുന്നേൽ മുതൽപേർ | അജണ്ട നം. 07 തീരുമാന നം. 03 തീ./ 04.10.2019 |
| 7 | വാർഡ് -2 , സെന്റ് അപ്രേം റോഡ് | ശ്രീമതി. മേരി അഗസ്റ്റിൻ മുതൽപേർ | അജണ്ട നം.07 തീരുമാന നം.04 തീ./04.10.2019 |
| 8 | വാർഡ് 14, പാറേക്കവല-ഇടമറുക് റോഡ് | ശ്രീ. അബ്ദുൾ കരീം കിഴക്കേൽ മുതൽപേർ | അജണ്ട നം. 30 തീരുമാന നം.01 തീ./29.10.2019 |
| 9 | വാർഡ് -10, കമ്പനിപ്പടി -എലിഞ്ഞേലിപ്പാലം റോഡ് | ശ്രീ. പി.കെ.ഗോപി പാട്ടുപാറയിൽ മുതൽപേർ | അജണ്ട നം. 30 തീരുമാന നം. 02 തീ./29.10.2019 |

വിട്ടുകിട്ടിയ ആസ്തികൾ നിയമാനസൃത നടപടികളിലൂടെ കൈവശപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. മേൽ പരാമർശിത തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്ന വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-18 ശേഖരത്തുപാറ ഉടുമ്പന്നൂർ റോഡ് പുനരുദ്ധാരണം-കരാറുകാരന് അധികം തുക നൽകി

ശേഖരത്തുപാറ ഉടുമ്പന്നൂർ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ അന്തിമ ബിൽ തയ്യാറാക്കിയതിലെ അപാകതകൾ മൂലം കരാറുകാരന് ₹8343/-അധികം നല്കിയിട്ടുണ്ട്.

| | | |
|---|---|---|
| പ്രോജക്ട് നം എസ്. 052/20 | | |
| കരാറുകാരൻ | ഷിബു മാത്യു | |
| കരാർ നം&തീയതി | 18/26.11.19 | |
| അളവുബുക്ക് | 18/19-20 | |
| പദ്ധതി അടങ്കൽ | ₹350000 | |
| പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക |
| | 19100952004301175568/21.3.21 | ₹279654/- |

പ്രവൃത്തിമൂല്യത്തിൽ നിന്നും ടെൻഡർ കറവ് ചെയ്യാതെയുള്ള പ്രതിഫലത്തെ അടിസ്ഥാനമാക്കി 12% GST കണക്കാക്കിയതുമൂലമാണ് ഇപ്രകാരമുള്ള പിഴവ് സംഭവിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ പ്രകാരം അനുവദിച്ച തുക | | അനുവദിക്കാവുന്ന തുക | |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 311766 | ആകെ പ്രവൃത്തിമൂല്യം | 311766 |
| (-)ടെണ്ടർ കറവ് | 69524 | (-)ടെണ്ടർ കറവ് | 69524 |
| ആകെ | 242242 | ആകെ | 242242 |
| (+)12% ജി.എസ്.ടി | 37412 | (+)12% ജി.എസ്.ടി | 29069 |
| ഒട്ടാകെ | 279654 | ഒട്ടാകെ | 271311 |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1% | 2422 | (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1% | 2422 |
| (-) ഐ.ടി 1% | 2422 | (-) ഐ.ടി 1% | 2422 |
| (-)ജി.എസ്.ടി 2% | 4844 | (-)ജി.എസ്.ടി 2% | 4844 |
| കരാറുകാരന് നൽകിയ തുക | 269966 | കരാറുകാരന് നൽകാവുന്ന തുക | 261623 |

കരാറുകാരന് അധികം നൽകിയ തുക ₹8343/- (269966-261623) തിരികെ ഈടാക്കേണ്ടതാണ്.

1-19 കമ്പനി കപ്പിലാംകാട് കൊക്കരണി റോഡ് റീടാറിംഗും ഐറിഷ് ഓട നിർമ്മാണവും-അധികം തുക പിൻവലിച്ചു

പ്രസ്തുത പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം | എസ്0161/20 | |
| അടങ്കൽ തുക | ₹600000/- | |
| കരാറുകാരൻ | ശ്രീ അബ്ദുൾ കരീം | |
| കരാർ നം./തീയതി | 67/03.12.18 | |
| അളവുബുക്ക് | 67/18-19 | |
| പദ്ധതി ചെലവ് | ബിൽ നം/ തീയതി | തുക(₹) |
| | 1910095200430044752/6.5.19 | 175121 |
| | 19100952004300676873/15.10.19 | 400735 |

കമ്പനി കപ്പിലാംകാട് കൊക്കരണി റോഡ് റീ-ടാറിംഗും ഐറിഷ് ഓട നിർമ്മാണവും എന്ന പ്രവൃത്തിയുടെ ആകെ മൂല്യം എം.ബുക്ക് പ്രകാരം ₹571478/-ആണ്. മേൽ സൂചിത ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും ₹575856/-ആണ് പിൻവലിച്ചിട്ടുള്ളത്. പാർട്ട് ബിൽ തുകയായ ₹175121/-യിൽ നിന്നും റീടെൻഷൻ ഇനത്തിൽ ₹4378/- കിഴിവ് വരുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള 71009140000002 നമ്പർ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നു. റീടെൻഷൻ കൂടി ഉൾപ്പെടുത്തി അന്തിമ ബിൽ തയ്യാറാക്കിയതിനാലാണ് അധിക തുക പിൻവലിക്കാനുള്ള സാഹചര്യമുണ്ടായിട്ടുള്ളത്. അധികം പിൻവലിച്ച ₹4378/- സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

3-1 ശേഖരത്തുപാറ ഉടുമ്പന്നൂർ റോഡ് പുനരുദ്ധാരണം-കരാറുകാരന് അധികം തുക നൽകി

ശേഖരത്തുപാറ ഉടുമ്പന്നൂർ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ അന്തിമ ബിൽ തയ്യാറാക്കിയതിലെ അപാകതകൾ മൂലം കരാറുകാരന് ₹8343/-അധികം നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം എസ്052/20 | | |
| കരാറുകാരൻ | ഷിബു മാത്യു | |
| കരാർ നം&തീയതി | 18/26.11.19 | |
| അളവുബുക്ക് | 18/19-20 | |
| പദ്ധതി അടങ്കൽ | ₹350000 | |
| പദ്ധതി ചെലവ് | ബിൽ നം/തീയതി | തുക |
| | 19100952004301175568/21.3.21 | ₹279654/- |

| ബിൽ പ്രകാരം അനുവദിച്ച തുക | | അനുവദിക്കാവുന്ന തുക | |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 311766 | ആകെ പ്രവൃത്തിമൂല്യം | 311766 |

| | | | |
|---|---|---|---|
| (-)ടെണ്ടർ കറവ് | 69524 | (-)ടെണ്ടർ കറവ് | 69524 |
| ആകെ | 242242 | ആകെ | 242242 |
| (+)12% ജി.എസ്.ടി | 37412 | (+)12% ജി.എസ്.ടി | 29069 |
| ഒട്ടാകെ | 279654 | ഒട്ടാകെ | 271311 |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1% | 2422 | (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി 1% | 2422 |
| (-) ഐ.ടി 1% | 2422 | (-) ഐ.ടി 1% | 2422 |
| (-)ജി.എസ്.ടി 2% | 4844 | (-)ജി.എസ്.ടി 2% | 4844 |
| കരാറുകാരന് നൽകിയ തുക | 269966 | കരാറുകാരന് നൽകാവുന്ന തുക | 261623 |

കരാറുകാരന് ₹8283/- (269966-261623) അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

3-2 കമ്പനി കപ്പിലാംകാട് കൊക്കരണി റോഡ് റീടാറിംഗും ഐറീഷ് ഓട നിർമ്മാണവും-അധികം തുക പിൻവലിച്ചു

പ്രസ്തുത പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം | എസ്0161/20 | |
| അടങ്കൽ തുക | ₹600000/- | |
| കരാറുകാരൻ | ശ്രീ അബ്ദുൾ കരീം | |
| കരാർ നം./തീയതി | 67/03.12.18 | |
| അളവുബുക്ക് | 67/18-19 | |
| പദ്ധതി ചെലവ് | ബിൽ നം/ തീയതി | തുക(₹) |
| | 1910095200430044752/6.5.19 | 175121 |
| | 19100952004300676873/15.10.19 | 400735 |

കമ്പനി കപ്പിലാംകാട് കൊക്കരണി റോഡ് റീ-ടാറിംഗും ഐറീഷ് ഓട നിർമ്മാണവും എന്ന പ്രവൃത്തിയുടെ ആകെ മൂല്യം അളവ് ബുക്ക് പ്രകാരം ₹571478/-ആണ്. മേൽ സൂചിത ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും ₹ 575856/-ആണ് പിൻവലിച്ചിട്ടുള്ളത്. പാർട്ട് ബിൽ തുകയായ ₹175121/-യിൽ നിന്നും റിടെൻഷൻ ഇനത്തിൽ ₹4378/- കിഴിവ് വരുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള 71009140000002 നമ്പർ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നു. റിടെൻഷൻ കൂടി ഉൾപ്പെടുത്തി അന്തിമ ബിൽ തയ്യാറാക്കിയതിനാലാണ് അധിക തുക പിൻവലിക്കാനുള്ള സാഹചര്യമുണ്ടായിട്ടുള്ളത്. അധികം പിൻവലിച്ച ₹4378/- സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | - |

4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 132000<br>900000<br>285858 | ലൈഫ് പദ്ധതി | 1280000 | 709997<br>37858 |
| | 2019-20 | 255216 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 255216 | 0 |
| | 2019-20 | 400000 | ബഡ്സ് സ്കൂൾ നിർമ്മാണം | 0 | 400000 |
| | | | | 0 | 2384309 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുക ₹255216/- തൻവർഷം ചെലവായെങ്കിലും ആയത് ചെലവിൽ ഉൾപ്പെടുത്താതെയാണ് ഷെഡ്യൂൾ ബി-4 തയ്യാറാക്കിയിരിക്കുന്നത്. (B4 ഷെഡ്യൂൾ നീക്കിയിരിപ്പ് ₹2639525 വ്യത്യാസം ₹255216)

4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്. | 169/20 | 22/2019-20 | 2454 | 0 | 2454 |

| | | | | | |
|---|---|---|---|---|---|
| ഇ.ബി. | അംഗൻവാടി വൈദ്യുതീകരണം | തീ. 21.08.2019 | | | |
| | 206/20 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 33/2019-20 തീ.19.10.2019 | 69984 | 0 | 69984 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതി വായ്പയിനത്തിൽ ₹60,40,000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. | ജി.ഒ.ആർ.റ്റി. 229/2010/LSGD തീയതി. 21.10.2010 | 17979000 | 613000 | 613000 | - | 0 |
| ജവഹർ ഭവന പദ്ധതി | നം. 296126/ഡി. ബി-1/2018/LSGD തീ.01.02.2016 | 35320000 | 27950919 | 2597775 | 1185818 | 25353144 |
| ലൈഫ് ഭവന പദ്ധതി | - | 16504340 | 16504340 | | | 16504340 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹7322 /- യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 & 2011-12 | 3(6) | 5000 | ശ്രീ. എം. ലതീഷ്, ഓവർസീയർ തൊഴിലുറപ്പ് പദ്ധതി | 119040103709/05.02.2020 |
| | | 2322 | | 119040104134/04.03.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

### എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

### (ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2014-15 | 3-1 | ശ്രീ. റ്റി. ആർ. ഷിബു വി.ഇ.ഒ. | കെ.എസ്.എ.1935/ (സ്പെ. സെൽ.) എസ്.സി.-2/സി.1 2007/28.11.2017 | | - | | - | - | - | 0 | 50000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹64749809 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹63370812 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹12721 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹69984 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ചാർജ് ചെയ്യാവുന്നവ ₹ | നഷ്ടമായ തുക സർചാർജ് ചെയ്യാവുന്നവ ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-20 & 3-1 | | 8343 | ശ്രീ വി.കെ ബിജു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-21 & 3-2 | | 4378 | ശ്രീ വി.കെ ബിജു, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 69984 | ശ്രീ കെ സിബി.ജോസ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ കെ സിബി.ജോസ്, സെക്രട്ടറി | സെക്രട്ടറി, വെള്ളാവൂർ ഗ്രാമ പഞ്ചായത്ത് | കപ്പിലുമാക്കൽ, കപ്പാട്<br>കാഞ്ഞിരപ്പിള്ളി , കോട്ടയം ജില്ല |
| ശ്രീ വി.കെ ബിജു, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത് | ഉവീണ്ടപ്ലാക്കൽ വെങ്ങല്ലൂർ പി.ഒ തൊടുപുഴ, ഇടുക്കി ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ./ഐ.ഡി.കെ-10/882/18/ തീ.20.04.2018 | 1 | 22 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ-10/882/2018/20.4.2018 | 1 | 3-3 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ-10/882 2018/20.4.2018 | 1 | 3-9 |
| 2006-07 | എൽ.എഫ്.ഐ-8 /997/12 03.09.12/10.09.12 | 17 | 2-3(1), 2-4(3), 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11,3-12, 3-13, 3-14, 4-5, 4-6 |
| 2007-08 | എൽ.എഫ്.ഐ-10/1122/11 09.12.11/30.03.12 | 14 | 1-1, 1-2, 2-1, 2-2, 2-3, 3-2, 3-3, 3-4, 3-5, 3-6, 3-9, 3-10, 3-11, 3-12 |
| 2008-09 | എൽ.എഫ്.ഐ-10/985/12 01.09.12 | 16 | 2-1(1), 2-5(I, Ii), 2-6, 2-7, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 4-5, 4-6, |
| 2009-10 | എൽ.എഫ്.ഐ-10/986/12 04.09.12 | 16 | 2-2, 2-3(Ii), 2-4, 3-2, 3-5, 3-6, 3-7, 3-9,3-10, 3-12, 3-13, 3-14 |
| 2010-11 & 2011-12 | എൽ.എഫ്.ഐ-8/1517/13 07.07.14/12.09.14 | 10 | 3-1, 3-2, 3-3, 3-4, 3-5,<br>3-6, 3-7, 3-8,3-9,3-10 |
| 2012-13 | എൽ.എഫ്.ഐ-10/1456/14 24.02.15/07.03.15 | 7 | 2-3, 3-2, 3-3, 3-5, 3-7, 4-3, 4-4 |
| 2013-14 | എൽ.എഫ്.ഐ-10/842/15 28.09.15 | 9 | 2-1, 2-2, 3-1, 3-2, 3-3, 3-4,<br>3-5, 4-3, |
| 2014-15 | കെ.എസ്.എ./ഐ.ഡി.കെ-10/1391/16/28.09.17 | 15 | 1-12, 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 4-7, 4-8, 4-9 |
| 2015-16 | കെ.എസ്.എ./ഐ.ഡി.കെ-10/1172/17/02.11.17 | 20 | 2-1, 3-2, 3-3, 3-5, 3-6, 3-7,<br>3-8, 3-9, 4-7, 4-8, 4-9 |
| 2016-17 | കെ.എസ്.എ./ഐ.ഡി.കെ-10/559/17/01.08.17 | 11 | 1-7, 2-1, 2-2, 2-3, 3-1, 3-2,<br>3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-14, 4-7, 4-8, 4-9 |
| 2017-18 | കെ.എസ്.എ./ഐ.ഡി.കെ-10/938/18/ തീ.25.09.2018 | 16 | 1-12, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-5, 3-6, 3-7, 3-8, 3-9, 4-2, 4-8, 4-9, 4-10 |
| 2018-19 | കെ.എസ്.എ./ഐ.ഡി.കെ-10/965/19/തീ.26.11.2019 | 26 | 1-9,1-11,1-12,1-13, 1-14, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-28, 1-29, 1-30, 1-31, 1-32, 1-34, 4-2, 4-3, 4-9, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്